(സി & ഡി) ഉണ്ട്. മുൻവർഷങ്ങളിലെ സംയുക്ത ഗേജിംഗിലൂടെ ലഭ്യമായ വസ്തുതകളുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ഭേദഗതികൾ 24-4-2009-ൽ ചെന്നൈയിൽ വച്ച് നടന്ന PAP പുനരവലോകന ചർച്ചയിൽ മുന്നോട്ടുവച്ചു. കേരളത്തിന്റെ വിഹിതമായ 7.25 Tmcft ജലം ചിറ്റൂർപുഴ ആയക്കെട്ടിന് അപര്യാപ്തമാകായാൽ 4.75 Tmcft കണ്ട് കൂട്ടണമെന്ന് കേരളം ആവശ്യപ്പെട്ടു. ഷോളയാർ സബ്ബേസിനിലെ അധിക ജലലഭ്യത കേരളവുമായി ആനുപാതികമായി പങ്കുവയ്ക്കണമെന്ന് ആവശ്യപ്പെട്ടു. കേരളത്തിന്റെ ജല ലഭ്യത 14.8 Tmcft ആയി പുനർനിർണ്ണയിക്കണമെന്ന് ആവശ്യപ്പെട്ടു. പറമ്പിക്കുളം ഗ്രൂപ്പിൽനിന്നും കേരളത്തിന് ജലം ലഭിക്കുവാൻ നിലവിലുള്ള Threshold ആയ 16.5 Tmcft താഴ്ത്തി 12.5 Tmcft ആക്കണമെന്നും ആവശ്യപ്പെട്ടു. എന്നാൽ പുനരവലോകനം പൂർത്തിയാകാത്തതിനാലും ഇരു സംസ്ഥാനങ്ങൾ തമ്മിൽ അഭിപ്രായ സമന്വയം സാധ്യമാകാത്തതിനാലും കരാറിൽ ഈ ഭേദഗതികൾ വരുത്തുവാൻ സാധിച്ചിട്ടില്ല. ശിരുവാണി പാട്ടക്കരാറിലെ വ്യവസ്ഥകളിൽ ഭേദഗതി വരുത്തണമെന്ന് ഇരുസംസ്ഥാനങ്ങളും ആവശ്യങ്ങളൊന്നും ഉന്നയിച്ചിട്ടില്ല. 1886-ൽ ഒപ്പുവച്ച പെരിയാർ പാട്ടക്കരാർ തന്നെ കേരളത്തെ സംബന്ധിച്ചിടത്തോളം `Valid binding and enforceable' ആണോ എന്ന കാര്യം സുപ്രീംകോടതിയുടെ പരിഗണനയിലുള്ള വിഷയമാണ്.

സ്ത്രീകളെ ബ്ലാക്ക്മെയിൽ ചെയ്യുന്ന പ്രസിദ്ധീകരണങ്ങൾ

44 (5722) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യക്തികളെ പ്രത്യേകമായി സ്ത്രീകളെ ബ്ലാക്ക്മെയിൽചെയ്യുന്ന പ്രസിദ്ധീകരണങ്ങളുടെ എണ്ണം സംസ്ഥാനത്ത് വർദ്ധിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനെ ഫലപ്രദമായി പ്രതിരോധിക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഇല്ല

(ബി) ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ മീഡിയ ലിസ്റ്റിൽ ഉൾപ്പെടുന്ന പ്രസിദ്ധീകരണങ്ങളിൽ ഇത്തരം ലേഖനങ്ങളോ വാർത്തകളോ പ്രസിദ്ധീകരിച്ച വിവരം ശ്രദ്ധയിൽപ്പെട്ടാൽ അവ വിശദമായി പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

2214/12

LIBRARY ARCHIVES Kerala Legislative Assembly